**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5251 — 31.10.2016 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ

ചോദ്യം — ഉത്തരം

ശ്രീ. കെ.വി.വിജയദാസ് — ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ എന്ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് വിശദവിവരം നല്കുമോ ; | (എ) | ആലുവ മുതൽ പാലാരിവട്ടം വരെയുള്ള റീച്ച് വൺ, 2017 ഏപ്രിൽ മാസം കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1 ആലുവ മുതൽ പാലാരിവട്ടം വരെയുള്ള ഒന്നാം റീച്ചിലെ വയഡക്ടിന്റെ 100 ശതമാനവും ട്രാക്കിന്റെ 96 ശതമാനവും, വൈദ്യുതീകരണത്തിന്റെ 65 ശതമാനവും പൂർത്തീകരിച്ചു കഴിഞ്ഞു.<br>2 ഈ റീച്ചിലെ സ്റ്റേഷനുകളുടെ കോൺക്രീറ്റ് സ്ട്രക്ച്ചർ 100 ശതമാനവും, പ്ലാറ്റ്ഫോം മേൽക്കൂര എന്നിവയുടെ 78 ശതമാനവും പൂർത്തിയായിക്കഴിഞ്ഞു.<br>3 മുട്ടം ഡിപ്പോയിലെ സബ് സ്റ്റേഷൻ ചാർജ്ജ് ചെയ്തു കഴിഞ്ഞു.<br>4 ആർ.ഡി.എസ്.ഒ. ട്രയൽ റൺ പൂർത്തീകരിച്ചു<br>5 നിർമ്മാണം പൂർത്തിയാക്കിയ രണ്ട് ട്രെയിനുകൾ ഡിപ്പോയിൽ എത്തിക്കഴിഞ്ഞു. ബാക്കി ട്രെയിനുകളുടെ നിർമ്മാണ പ്രവൃത്തികൾ ഫാക്ടറിയിൽ പുരോഗമിക്കുകയാണ്.<br>6 ഈ റീച്ചിലേക്കു വേണ്ടതായ മറ്റു പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയും. |
| (ബി) | മെട്രോ. മാതൃകയിൽ 'ലൈറ്റ് മെട്രോ' എവിടെയെല്ലാം തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ; ആയതിന്റെ നിലവിലെ സ്ഥിതി ഉൾപ്പെടെ യുള്ള വിശദവിവരം നല്കുമോ ; | (ബി) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചി ട്ടുള്ളത്. തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി മുതൽ കരമന (21.821 കി.മീ., 19 സ്റ്റേഷനുകൾ) വരെയും കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത (13.33 കി.മീ. 14 സ്റ്റേഷനുകൾ) വരെയുമാണ് |

| | | | |
|---|---|---|---|
| | | | ഡി.പി.ആർ പ്രകാരം ലൈറ്റ് മെട്രോ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാർ അനുമതി നല്കിയ പദ്ധതിരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. പദ്ധതിയുടെ ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി.യെ നിയമിക്കുകയുണ്ടായി. ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54.716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് കഴിഞ്ഞു. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും അതിനാവശ്യമായ സ്ഥലമെടുപ്പിനും ഭരണാനുമതി നൽകി കഴിഞ്ഞു. ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി കോഴിക്കോട് 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും, തിരുവനന്തപുരത്ത് 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും, ഏറ്റെടുക്കുന്നതിനു അനുമതി നല്കിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ അതാത് ജില്ലാ കളക്ടർമാർക്ക് കൈമാറി കഴിഞ്ഞു. |
| (സി) | 'ലൈറ്റ് മെട്രോ'യുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്രാനുമതി ലഭ്യമായ ശേഷം ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ